(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മധുര–ബോഡിനായക്കന്നൂർ മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജാക്കുന്നതിനും, ബോഡിനായക്കന്നൂർ–കൊച്ചി ബ്രോഡ്ഗേജ് ലൈൻ നിർമ്മിക്കാനുള്ള സർവേയും, ചെങ്ങന്നൂർ–തിരുവനന്തപുരം ലൈൻ ഇരട്ടിപ്പിക്കുന്നതിനും കൂടെ ചെങ്ങന്നൂർ, കായംകുളം, കൊട്ടാരക്കര, നെടുമങ്ങാട് വഴി തിരുവനന്തപുരത്തേക്ക് 134 കി. മീ. ദൈർഘ്യമുള്ള ഒരു ലൈൻ നിർമ്മിക്കുന്നതിനുമുള്ള എഞ്ചിനീയറിംഗ് കം-ട്രാഫിക് സർവേ നടന്നുവരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് സഹായം

* 324. [350] ശ്രീ: സി, കെ. തങ്കപ്പൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. കേശവൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനി കിറ്റ് പരിപാടി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട നാമമാത്ര കർഷകർക്ക് ചെയ്തുകൊടുത്തിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പരിപാടിക്ക് ഇതുവരെ ചെലവാക്കിയ സംഖ്യ എത്ര ;

(സി) ഈ പദ്ധതിപ്രകാരം ഈ സർക്കാർ ഓരോ വർഷവും വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എത്ര വീതം ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) മിനി കിറ്റു പരിപാടിയനുസരിച്ച് ഒരു ലക്ഷത്തി അൻപത്തിയയ്യായിരത്തി അഞ്ഞൂറ്റി അറുപത്തിഅഞ്ചു (1,55,565) പയർ മിനി കിറ്റും നാല്പത്തൊൻപതിനായിരത്തി അഞ്ഞൂറ്റിപ്പതിമൂന്നു (49,513) എള്ള് മിനി കിറ്റും ഏഴായിരത്തി ഒരുന്നൂറ്റിഅഞ്ചു (7,105) നിക്കടല മിനി കിറ്റും പത്തുലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തഞ്ചു (10,60,525) തെങ്ങിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപത്തോരായിരത്തി എഴുന്നൂറ്റിയഞ്ചു (21,705) ഹെക്ടർ പ്രദേശത്ത് മൂവികസന പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

(ബി) നാന്നൂറ്റി നാൽപ്പത്തഞ്ചു ലക്ഷം രൂപ (4,45 ലക്ഷം രൂപ).

(സി) 1984-85-ൽ ഒരുലക്ഷത്തിപതിനായിരത്തി തൊള്ളായിരത്തി പതിനഞ്ചു (1,10,915) 1985-86-ൽ അഞ്ചുലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റിപത്തും (5,09,610) 1986-87-ൽ നാലു ലക്ഷത്തിനാൽപ്പതിനായിരം (4,40,000) തെങ്ങിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്

* 325. [351] ശ്രീ. കെ.പി. രാമൻ :
,, പി.വി. മുഹമ്മദ് :
,, സി.റ്റി. അഹമ്മദ് അലി :
,, പി.കെ. കുഞ്ഞാലിക്കുട്ടി :
,, പി.എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിന്റെ പ്രവർത്തനം എന്നാണാരംഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വകുപ്പിന് എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകൾ ഉണ്ടോ ;

(സി) അർഹരായ എല്ലാ ജീവനക്കാരേയും നിർബന്ധിത് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതുകൊണ്ട് വർഷംപ്രതി എത്ര കോടി രൂപയുടെ പോളിസി നൽകാൻ കഴിയാതെ വരുന്നുണ്ട് ;

(ഇ) ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് തിരുവിതാംകൂർ സംസ്ഥാനത്താണ് ആരംഭിച്ചത്. പക്ഷെ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഇൻഷ്വറൻസ് പോളിസി നിർബന്ധിതമാക്കിയത് 19-8-1976 മുതലാണ്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) നഷ്ടമൊന്നും സംഭവിക്കുന്നില്ല.

(ഇ) പ്രശ്നം ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതികൾ

* 326. [352] ശ്രീ. വി. വി. ജോസഫ് :
,, ഇ. ജെ. ലൂക്കോസ് :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, കെ. പി. രാമൻ :
,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സംഭരണ ശേഷി എത്ര ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്നു ;

(സി) എത്ര വൈദ്യുതോൽപ്പാദന പദ്ധതികളുടെ പണികൾ ഇപ്പോൾ നടക്കുന്നുണ്ട് :

(ഡി) പുതിയ പണികൾ ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏവ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 3365 ശതലക്ഷം യൂണിറ്റ്.

(ബി) പീച്ചിമാൻറ് 1020 മെഗാവാട്ടും ആഭ്യന്തര ഉൽപ്പാദനം പ്രതിദിനം ശരാശരി 13.1 ദശലക്ഷം യൂണിറ്റും.

(സി) പതിനഞ്ച്.

(ഡി) ഉണ്ട്.

(ഇ) പൂയാംകുട്ടി (240 മെഗാവാട്ട്).

LIBRARY ARCHIVES Kerala Legislative Assembly